# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.826  28.04.2017 ൽ മറുപടിക്ക്**

**ഡി പി ആർ സമർപ്പിക്കുന്നതിലെ വീഴ്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| എ) | ആസ്തിവികസന ഫണ്ടിൽ നിന്നും എം എൽ എ മാർ നൽകുന്ന പ്രൊപ്പോസലുകളിൽ ഡി പി ആർ - യഥാസമയം സമർപ്പിയ്ക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ ? | എ) | പൊതുമരാമത്ത് വകുപ്പിൽ ആസ്തി വികസന ഫണ്ടിൽ നിന്നും എം എൽ എ മാർ നൽകുന്ന പ്രൊപ്പോസലുകൾ യഥാസമയം അതാത് ഡിവിഷനുകളിലേയ്ക്ക് അറിയിക്കുകയും അതാത് അഡ്മിനിസ്ട്രേറ്റീവ് വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യകത അനുസരിച്ചുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കാലതാമസം കൂടാതെ തന്നെ ഭരണാനുമതി നൽകുന്നുണ്ട്. എന്നാൽ സ്ഥല ലഭ്യതയ്ക്ക് താമസം നേരിടുന്നതു കൊണ്ടും മറ്റും ഉണ്ടാകുന്ന ചില സാങ്കേതിക കാരണങ്ങളാൽ വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് ചില പ്രവൃത്തികളിൽ കാലതാമസം നേരിടുന്നുണ്ട് . പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ